ചെലവഴിച്ചു ; ഈ സാമ്പത്തികവർഷം ഇനി എത്ര തുകകൂടി ചെലവാക്കാൻ ഉദ്ദേശിക്കുന്നു ; ലാപ്സായേയ്ക്കാവുന്ന തുക എത്രയെന്ന് അറിയിക്കുമോ ;

(ഇ) മത്സ്യമേഖലയ്ക്ക് അനുവദിച്ചതുക കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്ക് ചെലവഴിക്കുന്നതിൽ കൃത്യവിലോപം കാട്ടിയ ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിനായി 1999-2000-ലെ സംസ്ഥാന ബഡ്ജറ്റിൽ 4405-00-800-91 മത്സ്യത്തൊഴിലാളി ഭവനങ്ങളിൽ ജലവിതരണം (പത്താം ധനകാര്യ കമ്മീഷന്റെ അവാർഡ്) എന്ന ശീർഷകത്തിൻ കീഴിൽ 1,75,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) വിശദവിവരങ്ങൾ ലഭ്യമായശേഷം ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് ക്രെഡിറ്റ് കാർഡുകൾ

7 (2882) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ക്രെഡിറ്റ് കാർഡുകൾ നൽകി ബാങ്കിൽ നിന്നും വായ്പാസൗകര്യം ലഭ്യമാക്കുമെന്ന മന്ത്രിയുടെ പ്രസ്താവന നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് ക്രെഡിറ്റ് കാർഡ് നൽകി ;

(സി) ഏതെല്ലാം ബാങ്കുകളിൽ നിന്നാണ് ക്രെഡിറ്റ് കാർഡ് പദ്ധതിയനുസരിച്ച് ധനസഹായം നൽകി വരുന്നത് ;

(ഡി) ഈ കാലയളവിലെ ബഡ്ജറ്റ് പ്രസംഗത്തിൽ അറിയിച്ചതും വകുപ്പുമന്ത്രി പ്രസ്താവിച്ചതുമായ ക്രെഡിറ്റ് കാർഡ് പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) പദ്ധതി നടപ്പിലാക്കുന്നതിന് പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, നോർത്ത് മലബാർ ഗ്രാമീൺബാങ്ക് തുടങ്ങിയ ബാങ്കുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) മത്സ്യത്തൊഴിലാളികളെ മദ്ധ്യവർത്തികളുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുക, അവരിൽ സമ്പാദ്യശീലം വളർത്തുക, അവർക്കു പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly

മൂലധനവും പഞ്ചമാസങ്ങളിൽ ഭക്ഷണത്തിനും മറ്റു ചെലവുകൾക്കുമുള്ള തുകയും ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കണ്ണൂർ, കാസർഗോഡ്, കൊല്ലം എന്നീ ജില്ലകളിലാണ് ഈ പദ്ധതി ആദ്യമായി നടപ്പാക്കാനുദ്ദേശിക്കുന്നത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് തുടങ്ങിയ ബാങ്കുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

1. 1999 ഒക്ടോബർ 5, 6 തീയതികളിൽ തിരുവനന്തപുരത്ത് വച്ചു നടന്ന സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുകയും വിശദമായ ചർച്ചയ്ക്കുശേഷം എസ്.എൽ.ബി.സി. ഈ പദ്ധതി പരീക്ഷണാർത്ഥം കാസർഗോഡ്, കണ്ണൂർ, കൊല്ലം ജില്ലകളിൽ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

2. എസ്. എൽ. ബി. സി. മീറ്റിംഗിന്റെ തീരുമാനമനുസരിച്ച് 3-11-1999 ന് തിരുവനന്തപുരത്ത് നബാർഡിന്റെ ഓഫീസിൽ വിളിച്ചു കൂട്ടിയ ബാങ്ക് ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ വച്ച് ഫിഷർമെൻ ക്രെഡിറ്റ്കാർഡ് സ്കീം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും കൊല്ലം ജില്ലയിലെ ആലപ്പാട്ടും പരീക്ഷണാർത്ഥം നടപ്പിലാക്കുന്നതിന് ജില്ലാതലത്തിൽ ബന്ധപ്പെട്ടവരുടെയോഗം വിളിക്കാൻ തീരുമാനിച്ചു.

3. കൊല്ലം, കണ്ണൂർ ജില്ലകളിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ബാങ്ക് ഉദ്യോഗസ്ഥന്മാരുടെയും ബന്ധപ്പെട്ട വികസന ഡിപ്പാർട്ടുമെൻറുകളുടെയും യോഗം കൂടുകയുണ്ടായി.

4. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മത്സ്യഫെഡിന്റെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ ഗ്രൂപ്പുകൾക്ക് വായ്പാ തിരിച്ചടവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനമൂലധന ചെലവ് കണ്ടെത്തുന്നതിന് ആവശ്യമായ സഹായം നൽകുന്നതിന് തീരുമാനിച്ചു.

5. മൂന്നു മെമ്പർമാർ അടങ്ങിയ വള്ളം ഗ്രൂപ്പിന് 20,000 രൂപ വരെയും ആറു അംഗങ്ങൾ അടങ്ങിയ 15 എച്ച്. പി. ഒ. ബി. എം. ഘടിപ്പിച്ച പരമ്പരാഗത ഗ്രൂപ്പിന് 32,000 രൂപ വരെയും 35 അംഗങ്ങൾ അടങ്ങിയ ഗ്രൂപ്പിന് 2,25,000 രൂപ വരെയും സഹായം അനുവദിക്കുന്നതിന് നിർദ്ദേശമുണ്ടായി. കണ്ണൂർ ജില്ലയിൽ ക്രെഡിറ്റ് ആവശ്യങ്ങൾ നിർണ്ണയിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ചു. 12.25% പലിശ വായ്പ നൽകേണ്ടിവരുന്ന തിരിച്ചടവിൽ വീഴ്ച വരുത്തുന്നവർക്ക് വായ്പ അനുവദിക്കുന്നതല്ല.

ഫിഷറീസ് വകുപ്പിലെ കോൺട്രാക്ട് നിയമനം

8 (2883) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിൽ കഴിഞ്ഞ മൂന്നു വർഷങ്ങളായി നടത്തിവരുന്ന കോൺട്രാക്ട് നിയമനങ്ങളിൽ നിലവിലുള്ള നിയമന. സംവരണ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly